## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 109** **04-02-2019 ൽ മറുപടിക്ക്**

### പാട്ടക്കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.എം. കെ. മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭൂമി പതിച്ചുനല്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;<br>(ബി) എങ്കിൽ ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ) യും (ബി) യും സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ അളവ് ഭൂമി, ടി ഭൂമിയുടെ കമ്പോള വില ഈടാക്കി പതിച്ചു നൽകുന്നതിനോ അല്ലെങ്കിൽ ടി ഭൂമിയുടെ കമ്പോള വിലയുടെ നിശ്ചിത ശതമാനം പാട്ടമായി സ്വീകരിച്ചോ നല്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. ആയത് സംബന്ധിച്ച ഫയൽ അഭിപ്രായത്തിനായി (ഫയൽ നമ്പർ 16638/എ 2/2016/റവ) ധനകാര്യവകുപ്പിന് അയച്ചിട്ടുണ്ട്. |
| (സി) പാട്ട വ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ടക്കുടിശ്ശിക വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) പാട്ട വ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ട കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും സംഘടനകളെയും നിയമാനുസൃതം നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേൾക്കുന്നതിനും പാട്ട കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനും പാട്ട കുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം ടി സ്ഥാപനങ്ങളുടേയും സംഘടനകളുടേയും വ്യക്തികളുടേയും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി അടിയന്തിരമായി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇക്കാര്യത്തിൽ ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ് കൺവീനറായും ധനകാര്യവകുപ്പ്, നിയമവകുപ്പ്, റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. മേൽ സമിതി പാട്ടക്കുടിശ്ശിക സംബന്ധിച്ച കേസുകൾ വിശദമായി പരിശോധിച്ച് സർക്കാരിന് ശുപാർശ നല്കുകയും ആയത് പരിശോധിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (ഡി) | പാട്ട വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | തീരുമാനിച്ചിട്ടില്ല. |
| (ഇ) | പാട്ടക്കാലാവധി കഴിഞ്ഞും ഭൂമി വിട്ടുനൽകാതെ ഉപയോഗിച്ചുവരുന്ന സർക്കാരിതര സ്ഥാപനങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | പാട്ട കാലാവധി കഴിഞ്ഞ ഭൂമി വിട്ടു നൽകാതെ ഉപയോഗിച്ചു വരുന്ന സർക്കാർ ഇതര സ്ഥാപനങ്ങളുടെ നാളിതുവരെയുള്ള കുടിശ്ശിക കണക്കാക്കി ടിയാളുകളെ നിയമാനുസൃതം നോട്ടീസ് നൽകി നേരിൽ കേട്ട കുടിശ്ശിക ഈടാക്കാനും ആയതിന് വിസ്സമ്മതിക്കുന്ന പക്ഷം പാട്ടം റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള വ്യക്തമായ ശുപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**